# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4995

22.05.2017-ലെ പൂർണ്ണ മറുപടി

## സ്കൂൾ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ. ഷംസുദ്ദീൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സ്കൂൾ വാഹനങ്ങളിൽ യാത്രചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ കയറ്റിക്കൊണ്ട് പോകുന്ന സ്കൂൾ/പബ്ലിക് കാരിയറുകൾ സ്കൂൾ തുറക്കുന്നതിന് മുമ്പായി ഫിറ്റ്നസ് പരിശോധനയ്ക്ക് വിധേയമാക്കി മോട്ടോർ വാഹന വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ വിശദ വിവരങ്ങളും കുട്ടികൾ സഞ്ചരിക്കുന്ന ബസിന്റെ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്. സ്കൂൾ വാഹനങ്ങളുടെ ദൈനംദിന കാര്യങ്ങളുടെ ചുമതല ഒരു അദ്ധ്യാപകനെ ഏൽപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ ട്രാഫിക് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ വാഹനങ്ങൾക്കും വേഗപരിധി നിശ്ചയിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ട്രാഫിക് പോലീസ് ക്ലബ്ബിന്റെ അധികാരികളും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് ഒരു പാഠഭാഗം സിലബസിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടിയ്ക്ക് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ എണ്ണം കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ കയറ്ററുതെന്നും വാഹനം ഓടിക്കുമ്പോൾ ഡ്രൈവർമാർ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പോലീസും, ഗതാഗത വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ വാഹനങ്ങളിൽ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ എത്ര പരിശോധനകൾ 2016-17 വർഷത്തിൽ നടത്തിയെന്നും എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ